"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടിക വർഗ്ഗ വികസന വകുപ്പ് - ഡയറക്ടറേറ്റിലെ നവീകരണപ്രവൃത്തികൾ നടത്തുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടിക ജാതി പട്ടിക വർഗ്ഗ വികസന(പി.എം) വകുപ്പ്**

സ.ഉ.(സാധാ) നം.210/2026/SCSTD തീയതി,തിരുവനന്തപുരം, 11-02-2026

---

പരാമർശം:- പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 07-02-2026 തീയതിയിലെ STDD/280/2026-E5 നമ്പർ കത്ത് .

**ഉത്തരവ്**

വികാസ് ഭവനിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ പ്രവേശ കാവാടത്തിന്റെ ഇരുവശങ്ങളുടെ നിലവിലെ ഭൗതിക സാഹചര്യങ്ങൾ അതീവ ശോചനീയാവസ്ഥയിലാണെന്നും വർഷങ്ങളുടെ കാലപ്പഴക്കം മൂലം ജീർണ്ണിച്ചുകഴിഞ്ഞ അലുമിനിയം/ജിപ്സം പാർട്ടീഷനുകളും അനുബന്ധ സംവിധാനങ്ങളും ഓഫീസ് അന്തരീക്ഷത്തെ വികൃതമാക്കുന്നതോടൊപ്പം, ദൈനംദിന ഭരണനിർവ്വഹണത്തെയും ജീവനക്കാർക്ക് കാര്യക്ഷമമായി ജോലി ചെയ്യുന്നതിനും, സേവനം തേടിയെത്തുന്ന പൊതുജനങ്ങൾക്ക് ഇരിക്കുന്നതിനും കുടിവെള്ളം തുടങ്ങിയ സൗകര്യം ഉറപ്പുവരുത്തുന്നതിനും, ഓഫീസ് ശുചിത്വം നിലനിർത്തുന്നതിനും, നിലവിലുള്ള ഉപയോഗപ്രദമല്ലാത്ത നിർമ്മിതികൾ അടിയന്തിരമായി നീക്കം ചെയ്യേണ്ടതുണ്ടെന്നും ആയതിനാൽ ഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഭരണപരമായ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാലാനുസൃതമായ നവീകരണം അത്യന്താപേക്ഷിതവും ഒഴിവാക്കാനാവാത്തതുമാണെന്നും കാര്യാലയം അവസാനമായി നവീകരിച്ചത് 2014-15 സാമ്പത്തിക വർഷമാണെന്നും ആയതിനാൽ ഓഫീസിലെ ജീർണ്ണിച്ച പാർട്ടീഷനുകൾ പൊളിച്ചുനീക്കുന്നതിനും, ഫ്ലോറിംഗ്, ഫാൾസ് സീലിംഗ്, വാൾ പാനലിംഗ്, പെയിന്റിംഗ്&ഫിനിഷിങ്, ബ്രാൻഡിംഗ് ,ഇലക്ട്രിക്കൽ ജോലികൾ തുടങ്ങിയവ നിർ വ്വഹിക്കുന്നതിനുമായി ജില്ലാ നിർമ്മിതി കേന്ദ്ര, തിരുവനന്തപുരം സമർപ്പിച്ച 8,63,500/- രൂപയുടെ എസ്റ്റിമേറ്റിന് 2025-26 സാമ്പത്തിക വർഷത്തെ 4225-02-800-86 പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് നിർവഹിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകണമെന്ന് ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. "4225-02-800-86 പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും **8,63,500/- രൂപ (എട്ട് ലക്ഷത്തി അറുപത്തി മൂന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം)** ചെലവഴിച്ച് , പട്ടിക വർഗ്ഗ വികസന വകുപ്പ്

ഡയറക്ടറേറ്റിലെ മേൽ വിവരിച്ചിരിക്കുന്ന നവീകരണ പ്രവൃത്തികൾ നിർവഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

1. ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമൂഹിക & പൊതുമേഖല), കേരളം, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (സാമ്പത്തിക & റവന്യൂ മേഖല), കേരളം, തിരുവനന്തപുരം
4. ചീഫ്, വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
5. ധനകാര്യ (WW) വകുപ്പ്.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. പട്ടികജാതി പട്ടികവർഗ വികസന (ഡി & ഇ) വകുപ്പ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Abhilash Kumar V S
സെക്ഷൻ ഓഫീസർ
Date: 13-02-2026 14:40:53